പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2180 **27-10-2026-ൽ മറുപടിയ്ക്ക്**

റിപ്പോർട്ടർ ചാനലിൽ നടത്തിയ പോലീസ് പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) റിപ്പോർട്ടർ ചാനലിൽ പോലീസ് നടത്തിയ പരിശോധന ഭാരതീയ നാഗരിക് സുരക്ഷാ സംഹിത പ്രകാരമുള്ള നിർബന്ധിത നടപടിക്രമങ്ങൾ പാലിച്ചാണോ നടത്തിയത്; വ്യക്തമാക്കാമോ;

മറുപടി: ബഹു.കളമശ്ശേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ സെർച്ച് വാറണ്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥനായ തൃക്കാക്കര അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണ് ടി സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടുള്ളത്. സ്വതന്ത്ര സാക്ഷികളായ കാക്കനാട് വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസറായ ശ്രീ.ബിജുകുമാർ വി.എസ്, വാഴക്കാല വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീമതി അമ്പിളി എം വി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബന്തവസ്സിലെടുത്ത മുതലിന്റെയും റിക്കാർഡുകളുടെയും വിവരങ്ങൾ സാക്ഷികളുടെ ഒപ്പോടുകൂടി സെർച്ച് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതും, സെർച്ച് ലിസ്റ്റിന്റെ പകർപ്പ് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യങ്ങൾ കേസ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) റിപ്പോർട്ടർ ചാനലിന്റെ ന്യൂസ് റൂമിൽ പോലീസ് നടത്തിയ പരിശോധനയ്ക്ക് മുമ്പ് തിരച്ചിലിന്റെ കാരണങ്ങളും നിയമപരമായ അടിസ്ഥാനവും രേഖപ്പെടുത്തിയിരുന്നോ; പ്രസ്തുത രേഖ കേസ് ഡയറിയിൽ ഉൾപ്പെടുത്തിയിരുന്നോ; പരിശോധനാ ഉത്തരവ് നിയമാനുസൃതമായി മജിസ്ട്രേറ്റിന് കൈമാറിയിരുന്നോ; പരിശോധനയ്ക്ക് ഉത്തരവിട്ട ഉദ്യോഗസ്ഥൻ ആരായിരുന്നു; വിശദമാക്കാമോ;

മറുപടി: ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു.

(സി) പരിശോധനയിൽ രണ്ട് അല്ലെങ്കിൽ അതിലധികം സ്വതന്ത്രരും മാന്യരുമായ പ്രദേശവാസികളെ സാക്ഷികളായി ഉൾപ്പെടുത്തിയിരുന്നോ; അവർ ആരൊക്കെയായിരുന്നു; അവരുടെ പേരും വിലാസവും രേഖപ്പെടുത്തിയിരുന്നോ; സേർച്ച്/സീഷർ ലിസ്റ്റ് തയ്യാറാക്കി സാക്ഷികളെക്കൊണ്ട് ഒപ്പുവെപ്പിച്ചിരുന്നോ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് സ്ഥാപനത്തിന്റെ ചുമതലക്കാരന് നൽകിയിരുന്നോ; വിശദമാക്കാമോ;

മറുപടി: ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു.

(ഡി) പരിശോധനയ്ക്കിടെ പിടിച്ചെടുത്ത വസ്തുക്കളുടെയും മാധ്യമപ്രവർത്തകരുടെ മൊബൈൽ ഫോണുകളുടെയും വിശദമായ സീഷർ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; ഓരോന്നും ഏത് സ്ഥലത്തുനിന്നാണ് പിടിച്ചെടുത്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ബന്തവസ്സിലെടുത്ത മുതലുകളുടെയും റിക്കോർഡുകളുടെയും വിശദാംശങ്ങൾ സെർച്ച് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതും, എന്നാൽ ന്യൂസ് ഡസ്കിൽ നിന്ന് മാധ്യമ പ്രവർത്തകരുടെ മൊബൈൽ ഫോണുകൾ പിടിച്ചെടുത്തിട്ടില്ലാത്തതുമാണ്.

(ഇ) റിപ്പോർട്ടർ ചാനലിന്റെ ന്യൂസ് റൂമിൽ പോലീസ് നടത്തിയ പരിശോധനയിൽ നിയമപരമായ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ഇല്ല

സെക്ഷൻ ഓഫീസർ